# STD - X

## അദ്ധ്യാപക സഹായി

## പാഠം - മൂന്ന്  യുവജനങ്ങളും പ്രവാചകനേതൃത്വവും  ഭാഗം - ഒന്ന്

### ലക്ഷ്യം

യുവജനങ്ങളിൽ രൂപപ്പെടേണ്ട പ്രവാചക നേതൃത്വം എന്നത് യഥാർത്ഥത്തിൽ ക്രിസ്തുവാകുന്ന പൂർണ്ണതയുള്ള നേതാവിൽ നിന്നും സ്വാംശീകരിക്കേണ്ടതാണ്.

ഈശോയുടെ നേതൃത്വശൈലി ഉൾക്കൊണ്ട് ഞാൻ എന്റെ കുടുംബത്തിലും സഭയിലും സമൂഹത്തിലും ശുശ്രൂഷ ചെയ്യും.

### പഠനസഹായികൾ

* In each of us there is a Leader - Video (for Class 1)
* വിശുദ്ധ ടെലിമാക്കൂസ് ചിത്രം, ചരിത്രകഥ - കൊളോസിയത്തിലെ മനുഷ്യക്കുരുതികൾ
* മോശ - ചിത്രം
* യേശു - വിവിധങ്ങളായ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

In each of us there is a Leader - Video കാണിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കാം.

* എല്ലാ മനുഷ്യരിലുമുള്ള നേതൃത്വഗുണം
* നല്ല നേതാക്കൾ സമൂഹത്തിന്റെ ആവശ്യം
* നേതൃത്വം: വികലവും അവികലവുമായ കാഴ്ചപ്പാടുകൾ
* യഥാർത്ഥത്തിലുള്ള നേതൃത്വം എന്താണെന്ന ബോധ്യം
* നേതൃത്വത്തിലെ 7 ഘടകങ്ങൾ
* ഒരു നല്ല നേതാവിന്റെ ഗുണങ്ങൾ - മഹാന്മാരിൽ നിന്നുള്ള കണ്ടെത്തലുകൾ

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ലോകം കണ്ട മഹാന്മാരായ നേതാക്കളിലെ നന്മകളും ഗുണവിശേഷങ്ങളും മനസ്സിലാക്കി സമൂഹത്തിന്റെ നന്മ ലക്ഷ്യം വച്ചുകൊണ്ട് മുന്നിട്ടിറങ്ങി പ്രവർത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്നും നേതൃത്വത്തിലിരിക്കുന്നവർക്കുവേണ്ടി നിരന്തരം അങ്ങേ സന്നിധിയിൽ മാധ്യസ്ഥം വഹിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

വീഡിയോ കാണിച്ചുകൊണ്ട് ക്ലാസ്സ് ആരംഭിക്കുക.

**IN EACH OF US**
**THERE IS A**
**LEADER**

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക. (പാഠം – മൂന്ന് ഭാഗം – രണ്ടിൽ ചോദ്യങ്ങൾ നൽകിയിട്ടുണ്ട്)

# STD - X

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന്    യുവജനങ്ങളും പ്രവാചകനേതൃത്വവും    ഭാഗം – രണ്ട്

### ലക്ഷ്യം

യുവജനങ്ങളിൽ രൂപപ്പെടേണ്ട പ്രവാചക നേതൃത്വം എന്നത് യഥാർത്ഥത്തിൽ ക്രിസ്തുവാകുന്ന പൂർണ്ണതയുള്ള നേതാവിൽ നിന്നും സ്വാംശീകരിക്കേണ്ടതാണ്.

ഈശോയുടെ നേതൃത്വശൈലി ഉൾക്കൊണ്ട് ഞാൻ എന്റെ കുടുംബത്തിലും സഭയിലും സമൂഹത്തിലും ശുശ്രൂഷ ചെയ്യും.

### പഠനസഹായികൾ

* In each of us there is a Leader - Video (for Class 1)
* വിശുദ്ധ ടെലിമാക്കൂസ് ചിത്രം, ചരിത്രകഥ – കൊളോസിയത്തിലെ മനുഷ്യക്കുരുതികൾ
* മോശ – ചിത്രം
* യേശു – വിവിധങ്ങളായ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* ക്രൈസ്തവ സന്യാസിയായ ടെലിമാക്കൂസിന്റെ ചിത്രം കാണിച്ച് കഥ പറഞ്ഞുകൊണ്ട് ക്ലാസ് ആരംഭിക്കാം.
* പ്രവാചക നേതൃത്വം – വിശുദ്ധ ഗ്രന്ഥത്തിലെ പ്രവാചകന്മാർ – പ്രവാചക നേതൃത്വം മനുഷ്യരിൽ നിന്നുള്ളതല്ല ദൈവം ഭരമേൽപ്പിക്കുന്നതാണ്.
* മോശ: പ്രവാചക മാതൃക – ദൈവം മോശയെ തിരഞ്ഞെടുക്കുന്നതിനു മുൻപ്
* മോശയുടെ തിരഞ്ഞെടുപ്പും നേതൃത്വവും
* യേശു: നേതൃത്വത്തിന്റെ പൂർണ്ണത
* യേശുവിന്റെ നേതൃത്വ സവിശേഷതകൾ:

  ദർശനം ദൈവരാജ്യസ്ഥാപനം

  ഉപവസിച്ചും പ്രാർത്ഥിച്ചും പ്രവൃത്തിയിലേക്ക്

  യേശുവിന്റെ സവിശേഷമായ സ്നേഹം

  സത്യം, നീതി, ധർമ്മം, പുൽക്കൂട്ടിൽ പിറന്ന ദാരിദ്ര്യം, ലാളിത്യം, എളിമ, കാരുണ്യം, രമ്യത, പങ്കുവെക്കുന്ന സ്നേഹം, കുരിശിന്റെ മാർഗം

  അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു ആത്മാവിനാൽ നിറച്ച് അയക്കൽ

## പ്രാർത്ഥന

നേതാക്കന്മാരുടെ നേതാവായ യേശുക്രിസ്തുവേ, അങ്ങയുടെ നേതൃത്വ സവിശേഷതകൾ ഉൾക്കൊണ്ട് മറ്റൊരു ക്രിസ്തുവായി ജീവിക്കുവാൻ അങ്ങേ ആത്മാവിനാൽ ഞങ്ങളെ നിറയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

## ചോദ്യങ്ങൾ

1. നമ്മുടെ സമൂഹത്തിന് നല്ല നേതാക്കൾ ആവശ്യമാണ്. എന്തുകൊണ്ട്?
2. എന്താണ് നേതൃത്വം? നല്ല നേതാവിന്റെ ഗുണവിശേഷങ്ങൾ ഏതെല്ലാം?
3. എന്താണ് പ്രവാചക നേതൃത്വം?
4. മോശയുടെ നേതൃത്വത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
5. യേശുവാണ് യഥാർത്ഥവും പൂർണ്ണതയുള്ളതുമായ നേതാവ് - വിശദമാക്കുക.

(യേശുവാകുന്ന ഉത്തമ നേതാവിന്റ സവിശേഷതകൾ ഉൾക്കൊള്ളുന്ന സുവിശേഷഭാഗങ്ങൾ ഗ്രൂപ്പു തിരിഞ്ഞ് ചർച്ച ചെയ്യുന്നത് നന്നായിരിക്കും. Page 33 - പ്രവർത്തനം 2)

N.B: കുട്ടികൾക്ക് Assignment Questions നൽകാനായി പാഠഭാഗങ്ങളിൽ നൽകിയിട്ടുള്ള ചോദ്യങ്ങളിൽനിന്നും തിരഞ്ഞെടുക്കുക. (പാഠം - മൂന്ന് ഭാഗം - രണ്ടിൽ ചോദ്യങ്ങൾ നൽകിയിട്ടുണ്ട്)

# ടെലിമാക്കൂസിന്റെ കഥ

ദൈവത്തിന്റെ പദ്ധതികൾ ഈ ലോകത്തിൽ നിറവേറണമെങ്കിൽ ചോദ്യം ചെയ്യാതെ, എന്തിനെന്ന് ചോദിക്കാതെ, പരിശുദ്ധാത്മാവിന്റെ പ്രേരണകളെ അനുസരിക്കുന്നവർ ധാരാളമായി ഉണ്ടാകണം.

## ഒരു യാത്രയുടെ ആരംഭം

ടെലിമാക്കൂസിന്റെ കഥ നിങ്ങൾ കേട്ടിട്ടുണ്ടോ?

ഒന്നാം നൂറ്റാണ്ടിൽ ഏഷ്യാ മൈനറിൽ ജീവിച്ചിരുന്ന ഒരു സന്യാസിയായിരുന്നു അദ്ദേഹം. ലോകത്തിന്റെ സുഖങ്ങളും ലൗകികമായ അറിവുകളും തേടി അലഞ്ഞുനടന്ന ഒരു ഭൂതകാലം അദ്ദേഹത്തിനുണ്ടായിരുന്നു. പുതിയ പുതിയ അനുഭവങ്ങൾക്കും അറിവുകൾക്കും വേണ്ടി അദ്ദേഹം ദാഹിച്ചു. ഒടുവിൽ ജ്ഞാനത്തിന്റെയും അറിവിന്റെയും നിധികൾ ക്രിസ്തുവിലാണ് ഒളിഞ്ഞുകിടക്കുന്നതെന്ന് (കൊളോ. 2:3) ബൈബിൾ വചനം അദ്ദേഹത്തിന്റെ അലച്ചിലുകൾക്ക് അവസാനമിട്ടു. ക്രിസ്തീയ വിശ്വാസം സ്വീകരിച്ച അദ്ദേഹം അധികം വൈകാതെ സന്യാസജീവിതം തിരഞ്ഞെടുക്കുകയും ചെയ്തു.

കുറെ വർഷങ്ങൾ കടന്നുപോയി. ഒരിക്കൽ പ്രാർത്ഥനയിൽ അദ്ദേഹത്തിനിങ്ങനെ ഒരു പ്രചോദനമുണ്ടായി. വീണ്ടും തന്റെ യാത്രകൾ ആരംഭിക്കുക, അറിവു നേടാനല്ല അറിവിന്റെ ഉറവിടമായ ദൈവത്തെക്കുറിച്ച് പ്രസംഗിക്കാനായി. അതിനായി പ്രാർത്ഥിച്ചൊരുങ്ങിക്കൊണ്ടിരുന്നപ്പോൾ വീണ്ടും മറ്റൊരു ഉൾവിളി. “നീ റോമിലേക്ക് പോവുക.” അങ്ങനെ അദ്ദേഹം റോമാനഗരം ലക്ഷ്യമാക്കി യാത്ര ആരംഭിച്ചു. റോമൻ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരം. ഇതിനുമുൻപ് അവിടെ പോയിട്ടില്ല. പരിചയക്കാരും സുഹൃത്തുക്കളും അവിടില്ല. അവിടെ ചെന്നിട്ട് എന്തു ചെയ്യണം. എങ്ങനെ ചെയ്യണം. യാതൊരു വ്യക്തതയുമില്ല. എങ്കിലും അദ്ദേഹം ഉള്ളിൽ മുഴങ്ങിയ ദൈവത്തിന്റെ സ്വരത്തെ അനുസരിച്ചു.

റോമാനഗരത്തിലേക്ക് പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഉത്സവലഹരിയിലായിരുന്നു. ഗോത്ത് വംശജരുമായുള്ള യുദ്ധത്തിൽ റോമാക്കാർ വലിയ വിജയം നേടി. വിജയം ആഘോഷിക്കാൻ വേണ്ടി ജനങ്ങൾക്കായി ചക്രവർത്തി വലിയ സർക്കസ് ഒരുക്കിയിരിക്കുകയാണ്. റോഡുകൾ നിറഞ്ഞൊഴുകുന്ന ജനപ്രവാഹം. എങ്ങോട്ട് പോകണം എന്ന വ്യക്തതയില്ലാത്ത സന്യാസിയും ജനക്കൂട്ടത്തോടൊപ്പം മുന്നോട്ടുനീങ്ങി. ഒടുവിൽ അദ്ദേഹം ചെന്നെത്തിയത് കൊളോസിയത്തിലെ ബാൽക്കണിയിലാണ്.

പറഞ്ഞു ധാരാളം കേട്ടിട്ടുണ്ട് കൊളോസിയത്തെക്കുറിച്ച്. നൂറുകണക്കിന് ക്രിസ്ത്യാനികളെ വന്യമൃഗങ്ങൾക്ക് കടിച്ചുകീറി ഭക്ഷിക്കാനായി വലിച്ചെറിഞ്ഞ ഇടമാണത്. ദ്വന്ദ്വയുദ്ധങ്ങൾ വഴി ധാരാളം പേരുടെ രക്തവും അവിടെ ഒഴുകിയിട്ടുണ്ട്. ടെലിമാക്കൂസ് സൂക്ഷിച്ചുനോക്കി. അതാ രണ്ടുപേർ ദ്വന്ദ്വയുദ്ധത്തിന് തയ്യാറായി വരുന്നു. അവർ ചക്രവർത്തിയെ വണങ്ങിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: “അല്ലയോ ചക്രവർത്തി, മരിക്കാനൊരുങ്ങിയിരിക്കുന്ന ഞങ്ങൾ അങ്ങയെ അഭിവാദനം ചെയ്യുന്നു.”

രണ്ടുപേരും വാൾ ഉറയിൽനിന്നും പുറത്തെടുത്ത് അന്തരീക്ഷത്തിൽ വീശി. ഇതാ

പോരാട്ടം ആരംഭിക്കുകയാണ്. ആരെങ്കിലും ഒരാൾ മരിച്ചുവീഴുന്നതുവരെയാണ് പോരാട്ടം. ജനങ്ങൾ കൂകിയും ആർത്തുവിളിച്ചും ആകാംക്ഷയോടെ കാത്തിരിക്കുന്നു. പോരാളികൾ രണ്ടുപേരും അഭിമുഖമായിനിന്ന് ആദ്യത്തെ ഏറ്റുമുട്ടലിന് ഉന്നം പിടിക്കുകയാണ്. പെട്ടെന്ന് കാണികളുടെ ഇടയിൽനിന്ന് ടെലിമാക്കൂസ് എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ വിളിച്ചുകൂകി. "യേശുവിന്റെ നാമത്തിൽ ഞാനഭ്യർത്ഥിക്കുന്നു. ഇത് അവസാനിപ്പിക്കുക." ജനങ്ങൾ അദ്ദേഹത്തെ ഒരു ഭ്രാന്തനായി കരുതി കൂകി വിളിച്ചു. ടെലിമാക്കൂസ് അതൊന്നും ശ്രദ്ധിച്ചില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ പരസ്പരം കൊല്ലാനൊരുങ്ങി നിൽക്കുന്ന പോരാളികളിലായിരുന്നു. അടുത്ത ക്ഷണം അദ്ദേഹം മതിലിന് മുകളിലൂടെ പോർക്കളത്തിന്റെ നടുവിലേക്ക് എടുത്തുചാടി. രണ്ടുപോരാളികളുടെയും നടുവിൽ കയറി കരങ്ങളുയർത്തി വീണ്ടും വിളിച്ചു പറഞ്ഞു: "യേശുവിന്റെ നാമത്തെപ്രതി ഞാനപേക്ഷിക്കുന്നു. ഇതവസാനിപ്പിക്കുക."

പോരാളികൾക്ക് ആദ്യം കാര്യം പിടികിട്ടിയില്ല. ടെലിമാക്കൂസ് വീണ്ടും വിളിച്ചുകൂകി. "യേശുവിന്റെ നാമത്തിൽ ഇതവസാനിപ്പിക്കുക" യുദ്ധം കാണാൻ ആകാംക്ഷയോടെയിരുന്ന ജനങ്ങൾ അക്ഷമരായി. അവർ ഭ്രാന്തൻ എന്നു പറഞ്ഞ് ടെലിമാക്കൂസിന്റെ നേരെ കല്ലുകൾ എടുത്തെറിയാൻ തുടങ്ങി. കല്ലുകളിൽനിന്നു രക്ഷപ്പെടാൻ ശ്രമിക്കുന്ന ടെലിമാക്കൂസിന്റെ പിന്നാലെ പോരാളികളിൽ ഒരാൾ ഓടിയെത്തി അദ്ദേഹത്തിന്റെ നെഞ്ചിൽ തന്റെ വാൾ കുത്തിക്കയറ്റി. ടെലിമാക്കൂസ് തന്റെ ഹൃദയത്തിൽനിന്നും ഒഴുകിയ രക്തത്തിൽ കുളിച്ച് പിടഞ്ഞുമരിച്ചു.

## കൊളോസിയത്തിലെ ബലിവസ്തു

പെട്ടെന്ന് കൊളോസിയത്തിലെ ആർപ്പുവിളികൾ അവസാനിച്ചു. അത്ഭുതകരമായ ഒരു നിശ്ശബ്ദത. "യേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു, ഇതവസാനിപ്പിക്കുക" എന്ന സന്യാസിയുടെ വാക്കുകൾ അന്തരീക്ഷത്തിൽ അലയടിക്കുന്നതുപോലെ. കാണികളിൽ ഒന്നുരണ്ടുപേർ ദുഃഖഭാരത്തോടെ ഇരിപ്പിടങ്ങളിൽനിന്ന് എഴുന്നേറ്റ് പുറത്തേക്ക് പോയി. അതിനെത്തുടർന്ന് ജനങ്ങൾ ഓരോരുത്തരായി എഴുന്നേറ്റ് കൊളോസിയത്തിന്റെ പുറത്തേക്ക് നടക്കാൻ തുടങ്ങി. ഒടുവിൽ ഗാലറികൾ ശൂന്യം. പകച്ചുപോയ ഹോണോറിയൂസ് ചക്രവർത്തിയും പരിവാരങ്ങളും നിശ്ശബ്ദമായി സ്ഥലം വിട്ടു. കുറേക്കഴിഞ്ഞ് പോരാളികളും വാളുകൾ ഉറയിലിട്ട് മടങ്ങിപ്പോയി. അധികം വൈകാതെ ചക്രവർത്തി ഒരു കല്പന പുറപ്പെടുവിച്ചു. മനുഷ്യനെ കൊല ചെയ്തുകൊണ്ടുള്ള ദ്വന്ദ്വയുദ്ധങ്ങളും വിനോദപരിപാടികളും റോമിൽ നിരോധിച്ചുകൊണ്ട്. പിന്നീടൊരിക്കലും കൊളോസിയത്തിൽ മനുഷ്യക്കുരുതി നടന്നിട്ടില്ല.

ടെലിമാക്കൂസ് എന്ന സന്യാസിക്ക് റോമിലേക്ക് പോകാനുള്ള ഉൾപ്രേരണ ലഭിച്ചപ്പോൾ അതെന്തിനാണെന്ന് അദ്ദേഹത്തിനറിയില്ലായിരുന്നു. എങ്കിലും അദ്ദേഹം ദൈവത്തിന്റെ ശബ്ദത്തെ അനുസരിച്ചു. അതിലൂടെ നൂറ്റാണ്ടുകളായി റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്ന മൃഗീയമായ മനുഷ്യക്കുരുതികൾക്ക് അറുതിയുണ്ടായി. ടെലിമാക്കൂസ് സ്വന്തം ജീവൻ അതിനുവേണ്ടി ബലിയായി നൽകി തന്നെക്കുറിച്ചുള്ള ദൈവപദ്ധതിയോട് പൂർണ്ണമായി സഹകരിച്ചു.

(അവലംബം: പ്രലോഭനങ്ങളെ വിട - ശ്രീ. ബെന്നി പുന്നത്തറ)